**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ , കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**ഹാജർ :- സുഭാഷ് . റ്റി .വി ഐ.എ.എസ്.**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ ജീവനക്കാരെ ഈ തസ്തിക നിർണയിച്ചിട്ടുള്ള കൃഷി ഭവനുകളിലേക്ക് ഓൺലൈൻ മുഖേന പുനർവിന്യസിച്ച് നിയമിച്ചുകൊണ്ടുള്ള അന്തിമ ഉത്തരവ് പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

പരാമർശം :- 1. G.O(P) NO 3/2017/P&ARD തീയതി 25.02.2017.
2. 26.2.2021 - ലെ സർക്കാർ ഉത്തരവ് (MS) നമ്പർ 42/21/Agri
3.. 16.3.2022 - ലെ ഈ ഓഫീസിലെ സർക്കുലർ നമ്പർ എസ്.എ (2) 762/21
3. 30.9.2022- ലെ ഈ ഓഫീസിലെ ഉത്തരവ് നമ്പർ എസ്. ഇ (3) 1106/22
4. 10.11.2022- ലെ ഈ ഓഫീസിലെ ഉത്തരവ് നമ്പർ എസ്. ഇ (3) 1106/22

**ഉത്തരവ് നമ്പർ എസ്. ഇ (3) 1106/22 തീയതി 13.12. .2022.**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ അസിസ്റ്റന്റ് കൃഷി ഓഫീസർമാർക്ക് പരാമർശം 2 ഉത്തരവ് പ്രകാരം 614- ഓഫീസുകൾ /കൃഷി ഭവനുകൾ നിർണയിച്ച് നൽകിയിരുന്നു . 2022- വർഷത്തെ പൊതുസ്ഥലമാറ്റത്തിന് വകുപ്പിലെ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചപ്പോൾ നിലവിൽ അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിൽ ജോലിനോക്കുന്നവർക്ക് സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഓഫീസുകളിലേക്ക് പുനർവിന്യസിച്ച് നിയമിക്കുന്നതിന് ഓൺലൈനായി അപക്ഷകൾ ക്ഷണിച്ചിരുന്നു .

ഇപ്രകാരം ബന്ധപ്പെട്ട മേലധികാരികളുടെ ശുപാർശയോട് കൂടി ഓൺലൈനായി ഈ ഓഫീസിൽ ലഭിച്ച അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ ജീവനക്കാരുടെ അപേക്ഷകളും , അനുകമ്പാർഹ പരിഗണന നൽകി നിയമിക്കേണ്ട ജീവനക്കാരുടെ അപേക്ഷകളും SPARK- മുഖേന മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ്സ് ചെയ്തു ലഭിച്ച കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പരാമർശം 3 പ്രകാരം പ്രസിദ്ധീകരിച്ചുകൊണ്ട് ഉത്തരവായിരുന്നു. ഈ കരട് ലിസ്റ്റിന്മേൽ 11.10.2022- തീയതി വരെ ആക്ഷേപങ്ങൾ / പരാതികൾ എന്നിവ സ്വീകരിച്ചിട്ടുള്ളതും , ആയത് മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് പരിഹരിക്കുകയും ചെയ്തിരുന്നു . എന്നാൽ അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെ നിയമനം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഒരു കരട് കൂടി പ്രസിദ്ധീകരിക്കുന്നതിനായി വകുപ്പ് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തിയ ഒരു കരട് ലിസ്റ്റ് പരാമർശം 4 പ്രകാരം പ്രസിദ്ധീകരിക്കുകയും , ആയതിന്റെ അപ്പീൽ 14.11.2022 തീയതി വരെ ക്ഷണിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം ടി തീയതി വരെ ലഭിച്ച ആക്ഷേപങ്ങൾ / പരാതികൾ എന്നിവ മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് പരിഹരിച്ച് SPARK- മുഖേന പ്രോസസ്സ് ചെയ്തു ലഭിച്ച അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ ജീവനക്കാരെ , ഈ തസ്തിക നിർണ്ണയിച്ച കൃഷി ഭവനുകളിലേക്ക് നിയമിച്ചുകൊണ്ടുള്ള അന്തിമ ഉത്തരവ് വകുപ്പിന്റെ വെബ്സൈറ്റായ www.keralaagriculture.gov.in-ൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

പരാമർശം 1- ലെ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തിക നിർണയിച്ച ഓഫീസുകളിലേക്ക് / കൃഷി ഭവനുകളിലേക്ക് ഈ തസ്തികയിലെ ജീവനക്കാരെ ആദ്യമായാണ് ഇപ്രകാരം നിയമനം നൽകുന്നത് . ജില്ലകളിൽ ഈ

തസ്തിക അനുവദിച്ച കൃഷി ഭവനുകളുടെ എണ്ണം കുറവായതിനാലും , അനുവദിച്ച തസ്തികകളെക്കാൾ കൂടുതൽ ജീവനക്കാർ ചില ജില്ലകളിൽ നിലനിൽക്കുന്നതിനാലും , നിലവിൽ ജില്ലയിൽ ജോലിനോക്കുന്ന എല്ലാ ജീവനക്കാരെയും പ്രസ്തുത ജില്ലകളിൽ നിലനിർത്താൻ സാധിച്ചിട്ടില്ല . അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തിക അനുവദിച്ചിട്ടുള്ള കൃഷി ഭവനുകളിൽ , ഈ തസ്തികയിൽ ജോലിനോക്കുന്ന മൂന്ന് വർഷം പൂർത്തിയാകാത്ത ഒരു ജീവനക്കാരനെ ( സ്റ്റേഷൻ സീനിയർ) പ്രസ്തുത കൃഷി ഭവനിൽ നിലനിർത്തിയിട്ടുണ്ട് . പരാമർശം 1- സർക്കാർ ഉത്തരവിന്റെ 6 (ii) പ്രകാരം നിർബന്ധിത സ്ഥലമാറ്റത്തിനുള്ള മാനദണ്ഡം സർവീസ് ജൂനിയോറിറ്റി ആയിരിക്കുന്നതാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് സീനിയറിനെ നിർത്തിയിട്ടുള്ളത്. മാത്രമല്ല ദീർഘനാളത്തെ സേവനത്തിനുശേഷം മാതൃജില്ലയിൽ തിരിച്ചെത്തിയ 3- വർഷം പൂർത്തിയാകാത്ത ജീവനക്കാരുൾപ്പെടെ വീണ്ടും മാതൃജില്ലയ്ക്ക് പുറത്ത്പോകേണ്ട സാഹചര്യം നിലവിൽ വന്നിട്ടുമുണ്ട് . ആയതിനാൽ ഇപ്രകാരം ദീർഘനാളത്തെ സേവനത്തിനുശേഷം മാതൃജില്ലയിൽ തിരിച്ചെത്തിയ 3- വർഷം പൂർത്തിയാകാതെ , നിർബന്ധിതമായി മാതൃജില്ലയ്ക്ക് പുറത്തേയ്ക്ക് പോകുന്ന ജീവനക്കാർക്ക് അടുത്ത പൊതുസ്ഥലമാറ്റത്തിൽ മാതൃജില്ലയിലേക്ക് വരുന്നതിന് മുൻഗണന നല്കുന്നതായിരിക്കും . ടി ജീവനക്കാരുടെ ലിസ്റ്റ് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു . (ഹോംസ്റ്റേഷനിൽ 3- വർഷം പൂർത്തിയാകാത്ത ജീവനക്കാരുടെ പേര് അനുബന്ധം 1-ൽ നിന്ന് വിട്ടുപോയിട്ടുണ്ടെങ്കിൽ വിവരം 7 ദിവസത്തിനകം ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതാണ് ).

SPARK- ൽ രേഖപ്പെടുത്തിയ സർവീസ് വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ ജീവനക്കാരുടെ ക്രമീകരണം NIC സോഫ്റ്റ്‌വെയറിലൂടെ വകുപ്പ് നടപ്പിലാക്കിവരുന്നത്. 25.2.2017 – ലെ G.O(P) No 3/2017/P&ARD നമ്പർ സർക്കാർ ഉത്തരവിൽ Inter caste marriage വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് പൊതുസ്ഥലമാറ്റത്തിന് മുൻഗണന നൽകുന്നുണ്ട്. . ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അസിസന്റ് കൃഷി ഓഫീസർ തസ്തികയിലെ ജീവനക്കാരെ ഓൺലൈനായി പുനർവിന്യസിച്ച് നിയമിച്ചിട്ടുള്ളത് . SPARK -ൽ Inter caste marriage വിഭാഗത്തിൽ ഉൾപ്പെടുന്ന ജീവനക്കാരനെന്ന് തെറ്റായി രേഖപെടുത്തിയിരിക്കുന്നതായി ശ്രീ ബിനുലാൽ, രേഖാമൂലം അറിയിച്ചിട്ടുണ്ട് . ആയതിനാൽ പ്രസ്തുത ആനുകൂല്യത്തിന്റെ അടിസ്ഥാനത്തിൽ അണ്ടൂർക്കോണം കൃഷി ഭവനിൽ നിയമനം ലഭിച്ച ശ്രീ ബിനുലാൽ , (PEN NO 182700 ) AAO-യെ ഓൺലൈൻ സ്ഥലംമാറ്റ പട്ടികയിൽ നിന്നൊഴിവാക്കി പത്തനംതിട്ട ജില്ലയിലെ അരുവാപ്പലം കൃഷി ഭവനിൽ നിയമിച്ചുകൊണ്ടും , പകരം കോട്ടയം മടപ്പള്ളി കൃഷി ഭവനിലെ ശ്രീമതി പ്രതിഭ (PEN No 374653) കൃഷി അസിസ്റ്റന്റിനെ ( അണ്ടൂർക്കോണം കൃഷി ഭവൻ ഓപ്ഷൻ നൽകിയ റാങ്ക് ലിസ്റ്റിൽ സീനിയർ) അണ്ടൂർക്കോണം കൃഷി ഭവനിൽ നിയമനം നൽകിക്കൊണ്ടും ഉത്തരവാകുന്നു .

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 22.10.2022- ലെ ADFW/10733/22/SE2 നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം പാരസൈറ്റ് ബ്രീഡിങ് സ്റ്റേഷനിലെ അസിസ്റ്റന്റ് കൃഷി ഓഫീസറായ ശ്രീ രത്ന കുമാറിനെ തിരുവനന്തപുരം വട്ടിയൂർക്കാവ് കൃഷി ഭവനിലേക്കും , അസിസ്റ്റന്റ് കൃഷി ഓഫീസർമാരെ ഓൺലൈനായി ക്രമീകരിച്ച ഉത്തരവിൽ തിരുവനന്തപുരം കോർപ്പറേഷൻ കൃഷി ഭവനിലെ ശ്രീ ഹരീന്ദ്രനാഥിനെ compassionate ground-ൽ വട്ടിയൂർക്കാവ് കൃഷി ഭവനിലേക്കും നിയമിച്ചിരുന്നു . വട്ടിയൂർക്കാവ് കൃഷി ഭവനിൽ അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയുടെ ഒരു post- മാത്രമേ നിലവിലുള്ളൂ . ആയതിനാൽ compassionate ground-ൽ നിയമനം നൽകിയ ശ്രീ ഹരീന്ദ്രനാഥ് ,അസിസ്റ്റന്റ് കൃഷി ഓഫീസറിനെ വട്ടിയൂർക്കാവ് കൃഷി ഭവനിൽ നിയമിച്ച കൊണ്ടും , ശ്രീ രത്ന കുമാറിനെ പത്തനംതിട്ട ജില്ലയിലെ ആറന്മുള കൃഷി ഭവനിൽ

നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. (അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ ഓൺലൈൻ ക്രമീകരണത്തിനായി അപേക്ഷകൾ ക്ഷണിച്ച സമയത്ത് ശ്രീ . രത്നകുമാർ, പാരസൈറ്റ് ബ്രീഡിങ് സ്റ്റേഷനിൽ 3- വർഷം സേവനം പൂർത്തിയാക്കിയിരുന്നു ) ശ്രീ ഹരീന്ദ്രനാഥ് സ്ഥലംമാറുന്ന ഒഴിവിൽ ( 2nd- കരട് ഉത്തരവിൽ കോർപ്പറേഷൻ കൃഷി ഭവനിൽ നിയമിച്ച റാങ്ക് ലിസ്റ്റിൽ സീനിയർ ) ശ്രീ കലാധരൻ (PEN.NO. 182493.) , അസിസ്റ്റന്റ് കൃഷി ഓഫീസറെ തിരുവനന്തപുരം കോർപ്പറേഷൻ കൃഷി ഭവനിൽ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു .

ഈ ഉത്തരവിൽ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ തുടർ അപേക്ഷകൾ പരിശോധിച്ച് ഒരു മാസത്തിനകം PAO 2i/1 നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

അന്തിമ പൊതുസ്ഥലമാറ്റ ലിസ്റ്റിൽ സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാർ പകരം ജീവനക്കാർ ജോലിയ്ക്ക് ഹാജരായില്ലെങ്കിലും **ഈ ഉത്തരവ് അനുസരിച്ച് നിലവിലെ ഓഫീസിൽ നിന്ന് വിടുതൽ ചെയ്യേണ്ടതും പുതിയ സ്ഥലത്ത ജോലിയ്ക്ക് ഹാജരാകേണ്ടതുമാണ്.** ഇപ്രകാരം വിടുതൽ ചെയ്യാതിരിക്കുന്ന ജീവനക്കാർക്കെതിരെയും / ബന്ധപ്പെട്ട DDO- മാർക്കെതിരെയും നടപടികൾ സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിടുതൽ / പ്രവേശനം നടന്നു കഴിഞ്ഞുവെന്ന് നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തേണ്ടതും വിവരം ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതുമാണ് .

Sd/-
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടർ

BINDU MOL. T
Administrative Assistant II
Agriculture Development &
Farmers Welfare Department
Vikas Bhavan, Trivandrum

DDA
(IT CELL ) വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
പകർപ്പ് :-
ബന്ധപ്പെട്ട ജീവനക്കാർക്ക്
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

അനുബന്ധം 1

**List of Assistant Agricultural Officers included in the final list who were not completed 3 yrs service in the home station.**

| Sl No | PEN No | Name of officers | Name of Krishi Bhavans |
|---|---|---|---|
| 1 | 182481 | Sreekala.K | Uzhamalykkal |
| 2 | 182684 | Mini.S | Edava |
| 3 | 182847 | Najeeb.A | Peringamala |
| 4 | 182853 | Pratheep | Panavoor |
| 5 | 182860 | Dileep kumar | Elakamon |
| 6 | 182917 | Arunjith .A.R | Madavoor |
| 7 | 357185 | Leju.S.N | Anchuthengu |
| 8 | 357369 | Bindhu.V.L | Pangode |
| 9 | 401459 | Pratheep Lal | Kottukal |
| 10 | 497333 | Afzal Ahammed | Attippra |
| 11 | 513423 | Reji Kumar.R | SSF, Chirayinkeezhu |
| 12 | 687779 | Sindhu.R.K | Venganoor |
| 13 | 827728 | Thajuniza | Vembayam |
| | | **Kollam** | |
| 14 | 182638 | Rajkumar | Kalluvathukkal |
| 15 | 337502 | Unnikrishna pilla.J | Chirakkara |
| 16 | 356674 | G.Saraswathi | West kallada |
| 17 | 357153 | Bijy Abraham | Kareepra |
| 18 | 357350 | Jose.P | Edamulaykkal |
| 19 | 357462 | Rajesh chandre.C | Cashew Farm , Kottarakkara |
| 20 | 357502 | Ajikumar.S | Edamulaykkal |
| 21 | 357662 | S.Sreekala | Elamadu |
| 22 | 374478 | Sunil kumar.C.P | Adichanalloor |
| 23 | 401306 | Rajida.M | Nedumpana |

| | | | |
|---|---|---|---|
| 24 | 439129 | Manoj.P.V | Piravanthoor |
| 25 | 501218 | Sureshkumar | Pattazhi North |
| 26 | 607327 | Sheeja.K | Vadakkevila |
| | | **Pathanamthitta** | |
| 27 | 357437 | Mary.T.John | Aruvappulam |
| 28 | 374673 | Shijumon | Vechoochira |
| 29 | 384073 | Beena.V.K | Mallapuzhassery |
| 30 | 848641 | Paul .P.Joseph | Ayiroor |
| | | **Alappuzha** | |
| 31 | 182546 | Meenambika | Thalavady |
| 32 | 182673 | Minimithra.C | Mavellikkara |
| 33 | 337835 | Abubacker.V.M | Panavally |
| 34 | 356636 | Shaji T.P | Chunakkara |
| 35 | 356706 | Jemsy Kurian | Chettikulangara |
| 36 | 356808 | Anil kumar.V.V | Venmony |
| 37 | 357358 | Mohammed Sha | Pathiyoor |
| | | **Kottayam** | |
| 38 | 356811 | Bindu.N | Vechoor |
| 39 | 374463 | Rajesh .T.R | Uzhavoor |
| 40 | 374464 | Baby.V.R | DSTL, Kottayam |
| 41 | 686968 | Bindukumar .B.S | Arppokkara |
| | | **Idukki** | |
| 42 | 182443 | Udayakumar.C | Upputhura |
| | | **Eranakulam** | |
| 43 | 446057 | Sujatha .A.A | Amballoor |

| | | | |
|---|---|---|---|
| 44 | 337863 | Rasheed .T.M | Nellikuzhi |
| | | **Thrissur** | |
| 45 | 182663 | Saju.A | Chelakkara |
| 46 | 408587 | Sarathchandran.B.K | Meloor |
| | | **Kannur** | |
| 47 | 337146 | Ramesan Mavila Mundakara | Eruvassy |
| 48 | 337049 | K.Jayanthi | Edakkad |
| 49 | 336946 | Ramesan | Chokli |